ദണ്ഡകാരണ്യം

വള്ളത്തോൾ

Digitized By Kerala Sahitya Akademi

ദണ്ഡകാരണ്യം

(ഒരു ലഘുകാവ്യം)

VALLATHOL GRANDHALAYAM
CHERUTHURUTHY

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Dandakaranyam
Vallathol
രണ്ടാം പതിപ്പ്
കോപ്പി 750
വില ~~75 പൈ.~~ 2-00
1970 ജനുവരി
പകപ്പവകാശം:
സി. ദിലീപ്കുമാറിന്ന്
പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.
അച്ചടി:
വള്ളത്തോൾ പ്രിണ്ടിങ്ങ് &
പബ്ലിഷിങ്ങ്ഹൌസ്,
ചെറുതുരുത്തി.

Digitized By Kerala Sahitya Akademi

മുഖവുര

സൂര്യവംശജനായ ദണ്ഡൻ എന്ന രാജാവ് ശുക്രപുത്രിയായ അരജയെ ബലാൽക്കാരമായി പ്രാപിച്ച വിവരം അറിഞ്ഞു കോപാവിഷ്ടനായിത്തീൎന്ന ശുക്രൻ, ദണ്ഡന്റെ രാജ്യം ഏഴു ദിവസംകൊണ്ടു ശൂന്യമായ്ത്തീരട്ടേ എന്നു ശപിച്ചു; അങ്ങിനെ സംഭവിയ്ക്കുകയും ചെയ്തു. ഈ പുരാവൃത്തത്തെ പുരസ്കരിച്ചെഴുതിയ ഖണ്ഡകാവ്യമാണ് "ദണ്ഡകാരണ്യം."

അമ്പതു കൊല്ലം മുമ്പ് കവനകൌമുദിമാസികയിൽ പ്രസിദ്ധപ്പെടുത്തിയ ഈ കൃതി ഇപ്പോൾ ആദ്യമായിട്ടാണ് പുസ്തകരൂപത്തിൽ പുറത്തുവരുന്നത്. ചിത്രയോഗത്തിന്റെ പിറവിയ്ക്കുമുമ്പേ ഉണ്ടായതാണെങ്കിലും ഇന്നത്തെ തലമുറയ്ക്കു ഇതിനെപ്പററി അറിവോ പരിചയമോ കേട്ടുകേൾവിപോലുമോ ഇല്ലെന്നുവേണം പറയുവാൻ. മഹാകവി വള്ളത്തോളിന്റെ അനേകം സാഹിത്യമഞ്ജരികളും ഇതരകവിതാസമാഹാരങ്ങളും ഇതിനകം പ്രചാരത്തിൽ വന്നു കഴിഞ്ഞിട്ടും, ദണ്ഡകാരണ്യം ഇന്നോളം ഇരുട്ടിൽ മറഞ്ഞുകിടന്നതേയുള്ളു. സാക്ഷാൽ ദണ്ഡകാരണ്യത്തിന്റെ പുനരുദ്ധാരണത്തിനു ഭാരതഗവമെന്റ് ചെയ്തുവരുന്ന സംരംഭങ്ങളോടൊപ്പം അതിന്റെ ആദിചരിത്രത്തെ വിവരിക്കുന്ന ഈ ദണ്ഡകാരണ്യകാവ്യത്തെയും വിസ്മൃതിയുടെ കുഹരത്തിൽനിന്നു വീണ്ടെടുക്കുവാൻ തൽപ്രസാധകന്മാർ തീൎച്ചപ്പെടുത്തിയത് സർവ്വഥാ സമുചിതമായിട്ടുണ്ട്.

വള്ളത്തോൾക്കവിതയുടെ കൌമാരദശയിൽ ഉൽപാദിതങ്ങളായ കൃതികളുടെ കൂട്ടത്തിൽ ഒരു പ്രമുഖസ്ഥാനം ദണ്ഡകാരണ്യത്തിന്നുണ്ട്. പുരാണങ്ങളിൽനിന്നു രസമുള്ള ഇതി

Digitized By Kerala Sahitya Akademi

വൃത്താന്തങ്ങളെടുത്തു അവയ്ക്കൊരു പുതിയ രൂപംകൊടുക്കുക അന്നത്തെ കവികൾ പ്രായേണ അനുവർത്തിച്ചുപോന്ന ഒരു സരണിയായിരുന്നു. നിബിഡവും ദുർഗ്ഗമവുമായ പ്രാചീനസാഹിത്യകാന്താരത്തിൽ പ്രവേശിക്കുവാൻ കെല്പില്ലാത്ത സാമാന്യജനങ്ങൾക്കു അതിൽ വിടർന്നുനില്ക്കുന്ന സൌഗന്ധികങ്ങളുടെ ആമോദമാസ്വദിക്കുവാൻ ഇടയ്ക്കൊരവസരം കിട്ടിയതു് വാസനാസമ്പന്നരായ അർവാചീനകവികളുടെ ഇത്തരം ഉദ്യമങ്ങളിലൂടെയാണു്. വള്ളത്തോൾ ആദ്യം മുതല്ക്കേ അംഗീകരിച്ചിരുന്ന ആ സമ്പ്രദായം കാലോചിതമായ മാററത്തോടുകൂടി അവസാനംവരെ നിലനിർത്തുകയും ചെയ്തിരുന്നു. ഗണപതി, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും എന്നീ കാവ്യങ്ങളിലെ പ്രതിപാദനരീതി ആ പഴയ പാരമ്പര്യത്തോടു സാജാത്യം വഹിക്കുന്നുണ്ടു്.

ദണ്ഡകാരണ്യത്തെക്കാൾ മേത്തരം കവിതകൾ പലതും വള്ളത്തോൾ പിന്നീടെഴുതിയിട്ടുണ്ടെങ്കിലും മഹാകവിയുടെ യശസ്സിന്നു യാതൊരു വിധത്തിലും ഗ്ലാനിവരുത്താതിരിക്കത്തക്ക മേന്മയുള്ളതാണു് ഈ ലഘുകാവ്യവും എന്നു ഞാൻ സധൈര്യം പറയും. ഭാവിവള്ളത്തോളിന്റെ കാവ്യശൈലിയുടെ മൌലികഗുണങ്ങൾ പലതും ഇതിൽ നേരിയ നിലയിലെങ്കിലും നിഴലിച്ചു കാണാം. പദലാളിത്യം, ശയ്യാസുഖം, പ്രസാദം, ഉക്തിസാരള്യം മുതലായ രചനാഗുണങ്ങൾ ഇതിൽ ഉടനീളം പരിലസിക്കുന്നുണ്ടു്. ഔചിത്യപൂർവ്വകമായ നിയന്ത്രണമാണു് അലങ്കാരപ്രയോഗത്തിൽ കവി ദീക്ഷിച്ചിട്ടുള്ളതു്. 'കലശപയോധിയിൽ വൻവിഷംകണക്കെ' എന്ന ആദ്യശ്ലോകത്തിലെ ഉപമതന്നെ അതിന്നുദാഹരണമാണു്. ദണ്ഡന്റെ സ്വഭാവത്തെക്കുറിച്ചു സമഗ്രമായ ഒരു വിവരണം അതിൽ ഒതുക്കിയിട്ടുണ്ടെന്നു പറയാം. തപോവനത്തിലെ 'വസന്തലക്ഷ്മിതിരുവിളയാട്ടം' ആസ്വദിക്കുവാനെത്തിയ

Digitized By Kerala Sahitya Akademi

ദണ്ഡിന്നു വസന്തശ്രീയുടെ മൂർത്തീഭാവംപോലെ അവിടെ പൂവ റുത്തുനിന്നിരുന്ന സുന്ദരിയെ വേറിട്ടു തിരിച്ചറിയുവാൻ കുറെ നേരം വേണ്ടിവന്നുവത്രെ!

ചെടികളുടെ നടുക്കു നില്ക്കുമാപ്പെൺ–
കൊടിയെ നൃപൻ സുചിരാൽത്തിരിച്ചറിഞ്ഞു

എന്ന വാക്യത്തിലെ 'സുചിരാൽ'പ്രയോഗത്തിന്റെ രസിക ത്തം നോക്കുക. അങ്ങിനെ പെട്ടെന്ന് കണ്ണിൽപ്പെട്ട സുന്ദ രിയുടെ ദർശനത്താൽ 'വിടനൃപനൊട്ടിട കുററിപോലെ നി ന്നു' എന്നു പറഞ്ഞുപോയ കവി വെണ്മണിശ്ശൈലിയുടെ സ്വാധീനതയെ അബോധപൂർവ്വം അനുസ്മരിച്ചിരിക്കാം! 'മിതം ച സാരം ച വചോഹി വാഗ്മിതാ' എന്ന നിർവചനത്തെ ഉ ദാഹരിക്കുന്നതാണ് ദണ്ഡിൻ അരജയോടു കാണിച്ച നിർമ്മര്യാ ദത്തെ വിവരിക്കുന്ന ഈ ശ്ലോകം:—

അരജയുടയ കന്യകാനിലക്കും
കരകവിയും നിജമന്മഥവ്യഥയ്ക്കും
പരമറുതിവരുത്തിയുൾ കളിത്താ–
നരപതി തൻ നഗരിക്കുതാൻ നടന്നു.

സ്വാർത്ഥം നേടി, തീരെ ഉദാസീനഭാവത്തിൽ തന്റെ പാട്ടി ന്നു തിരിച്ചുപോയ ദണ്ഡന്റെ സ്വഭാവത്തിൽ വെളിച്ചംവീ ശുന്ന ഈ അല്പാക്ഷരങ്ങളുടെ വാചാലത അത്ഭുതാവഹമാണ്.

കാലഭേദത്താൽ ആസ്വാദകരുടെ രുചിക്കു നേരിട്ടിരി ക്കാവുന്ന ഭേദം എന്തുതന്നെ ആയാലും, ആ കാരണത്താൽ മാത്രം ഒരു പഴയ കാവ്യം അസ്വീകാര്യമാവുകയില്ല. മഹാ

Digitized By Kerala Sahitya Akademi

കവി വള്ളത്തോളിൻെറ കാവ്യജീവിതത്തിൽ അഭ്യഹിത മായ ഒരു സ്ഥാനം ദണ്ഡകാരണ്യത്തിനുണ്ടെന്നു നിർവിവാദ മാണ്.

ചാലപ്പുറം,
19–9–60

വി. ഉണ്ണിക്കൃഷ്ണൻനായർ.

Digitized By Kerala Sahitya Akademi

ദണ്ഡകാരണ്യം

1

ഉലകിനുപകരിയ്ക്കുമുത്തമന്മാർ
പലരുളവാകിന ഭാസ്കരാന്വയത്തിൽ
ഖലനൊരു നൃപനുൽഭവിച്ചു പണ്ടാ–
ക്കലശപയോധിയിൽ വൻവിഷം കണക്കേ–

1. ഭാസ്കരാന്വയം=സൂര്യ്യവംശം. ഖലൻ=ദുഷ്ടൻ. കലശപയോധി=പാല്ക്കടൽ. വൻവിഷം=കാളകൂടം. പാല്ക്കടലിൽനിന്നാണല്ലോ, കാളകൂടം ഉണ്ടായത്. അതുപോലെ ഉത്തമന്മാരായ അനേകം രാജാക്കന്മാരാൽ സംപൂജ്യമായിത്തീൎന്ന സൂര്യ്യവംശത്തിൽ ദുഷ്ടനായ ഒരു രാജാവ് വന്നു പിറന്നു.

Digitized By Kerala Sahitya Akademi

2

മനുസുതനു പിറന്ന, ദേവപുത്ര-
ക്കനുഗുണരാം പ്രിയപുത്രർ നൂറുപേരിൽ
അനുജനവനനാര്യസേവിയായ്ത്തീ-
ന്നനുപദമച്ഛനെയല്ലലിൽപ്പെടുത്തി.

3

നടപടികഠം പിഴച്ച ദണ്ഡമെല്ലാ-
നിടവരുമിങ്ങിവനെന്നു കണ്ടു ചിത്തേ
സ്ഫുടതരമൊരു ദണ്ഡമാന്ന നല്പേ-
രുടയ പിതാവവനേകി "ദണ്ഡ"നാമം.

2. മനുവിന്റെ മകനായ ഈയാൾ ദേവപുത്രതുല്യരായ നൂറുപേരിൽ ഇളയവനായിരുന്നു. അയാൾ അനാര്യ (ദുഷ്ട)രെ സേവിച്ച് അനുപദം (അടിയ്ക്കടി) അച്ഛന്റെ അകം നോവിച്ചു.

3. കുട്ടിക്കാലത്തെ പെരുമാററത്തിൽനിന്നുതന്നേ, ഈയാൾ കഷ്ടതകളിലാണ്ടുപോകുമെന്ന് അച്ഛൻ മനസ്സിൽ കണ്ടു. അതിനാൽ സ്ഫുടതര (പ്രത്യക്ഷ)മായ ദണ്ഡ (വ്യസന)ത്തോടുകൂടിയാണെങ്കിലും, അച്ഛൻ അയാൾക്കു 'ദണ്ഡൻ' എന്നു പേരിട്ടു.

Digitized By Kerala Sahitya Akademi

4

വിടനവനഥ 'വിന്ധ്യ'–'ശൈവല'ങ്ങൾ–
ക്കിടയിലെഴും പിതൃദത്തഘോരരാജ്യം
ഉടമയൊടു ഭരിച്ചു വാണു വാനിൻ–
കിട തടവും 'മധുമന്ത'മാം പുരത്തിൽ.

5

സുജനമഹിതഭാർഗ്ഗവാന്വയോത്ഥ–
ദ്വിജവരനാ'മുശനസ്സി'നെസ്സഹർഷം
നിജകുലഗുരുവാക്കിവെച്ചിതിക്ഷ്വാ–
കുജനവനങ്ങസുരേശനെന്നപോലെ.

4. അയാളൊരു വിടനായിരുന്നു. വിന്ധ്യ–ശൈവല പർവ്വതങ്ങളുടെ ഇടയിൽക്കിടന്നിരുന്ന പിതൃദത്ത(അച്ഛൻ കൊടുത്ത)മായ ആ നാടിന്നു ഘോരരാജ്യമെന്നായിരുന്നു പേർ. ദേവപുരിയോടു കിടനില്ക്കുന്ന 'മധുമന്ത'പുരത്തിൽ അയാൾ ഉടമയൊടു (രാജ്ഞിയുമായി) കൂടി രാജ്യം ഭരിച്ചു.

5. സുജന.........ദ്വിജവരൻ=സജ്ജനങ്ങളാൽ മഹിതപ്പെട്ട ഭാർഗ്ഗവ (പരശുരാമ)വംശത്തിൽ പിറന്ന മഹർഷിശ്രേഷ്ഠൻ. ഉശനസ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. സഹർഷം=സന്തോഷത്തോടെ. ഇക്ഷ്വാകുജൻ=ഇക്ഷ്വാകുവംശത്തിൽ പിറന്നവൻ. അസുരേശൻ=ഹിരണ്യകശിപു. ഹിരണ്യകശിപുവിന്റെ കുലഗുരു ശുക്രമഹർഷിയായിരുന്നു.

Digitized By Kerala Sahitya Akademi

6

അകരുണനയഥാപരാധദണ്ഡൻ
സ്വകരമഹാബലചണ്ഡമൂർത്തി ദണ്ഡൻ
പകലിരവൊരുപോലെ നാട്ടുകാരെ
പ്രകടഭയാകുലരാക്കി നാടു കാത്തു.

7

ഒരു ദിവസമവൻ പുരാന്തികേ തൻ-
ഗുരുവരനാം മുനിതൻ തപോവനത്തിൽ
പുരുരസമരുളും വസന്തലക്ഷ്മീ-
തിരുവിളയാട്ടവുമാസ്വദിച്ചു ലാത്തീ.

6. അകരുണൻ=നിർദ്ദയൻ. അയഥാപരാധദണ്ഡൻ=യഥാർത്ഥമായ കുററത്തിന്നല്ലാതെ ശിക്ഷിയ്ക്കുന്നവൻ. സ്വകര...... മൂർത്തി=തൻെറ കയ്യൂക്കുകൊണ്ടു ദുഷ്ടസ്വഭാവിയായവൻ. പ്രകടഭയാകുലർ=പ്രത്യക്ഷത്തിൽ ഭയംകൊണ്ടു വല്ലായ്മപ്പെട്ടവർ. രാവും പകലും ഒരുപോലെ അയാളെ പേടിച്ചാണ് നാട്ടുകാർ കഴിഞ്ഞുകൂടിയത്!

7. പുരാന്തികേ=കൊട്ടാരത്തിന്നടുത്ത്. തപോവനം=ആശ്രമം. പുരുരസം=വർദ്ധിച്ച സന്തോഷം. വസന്തലക്ഷ്മീതിരുവിളയാട്ടം=വസന്തശ്രീയുടെ പുളച്ചാർക്കൽ. വസന്തത്തിൻെറ പുളപ്പ് കണ്ട് എന്തെന്നില്ലാതെ രസം പിടിച്ച അയാൾ ഉലാത്തുകയായിരുന്നു.

Digitized By Kerala Sahitya Akademi

ശേഖരം

8

പ്രവ്രതമെഴുമൃഷികൾക്കു ദേവപൂജ-
യ്ക്കുതകിന പൂക്കൾ മരങ്ങൾതോറുമേന്തി
ചിതമൊടമരുമാ വനം വസന്താ-
ഞ്ചിതമദനായുധശാലപോലെ കണ്ടാൻ.

9

വരമുനിവട്ടസാമഗാനമട്ടായ്-
ക്കരൾ കവരും കളകണ്ഠകണ്ഠനാദം
നരപതി, നളിനാസ്ത്രഘോഷയാത്രാ-
വിരചിതമാം കുഴലൊച്ചപോലെ കേട്ടു.

8. വസന്ത.........ആയുധശാല=വസന്തത്താൽ ആ ഞ്ചിക്കപ്പെട്ട (ശേഖരിക്കപ്പെട്ട) മദനന്റെ (കാമദേവന്റെ) ആയുധശാല. കാമദേവന്റെ അസ്ത്രങ്ങൾ പൂക്കളാണല്ലോ.

9. വരമുനി...........മട്ടായ്=ശ്രേഷ്ഠരായ മുനികളുടെ സാമവേദം പാടൽ. കളകണ്ഠകണ്ഠനാദം=കുയിലുകളുടെ ശബ്ദം. നളി........വിരചിതം: താരമ്പന്റെ (കാമദേവന്റെ) ഘോഷയാത്രയാൽ നിർമ്മിക്കപ്പെട്ടത്. കുയിലുകളുടെ കൂകൽ കാമദേവന്റെ ഘോഷയാത്രയിലെ കുഴലൊച്ചപോലെ രാജാവു കേട്ടുനിന്നു.

Digitized By Kerala Sahitya Akademi

10

തുരുതുരെ, മുനിഹോമധൂമഭാസ്സായ്-
പ്പുരുമദമാർന്നിളകും ദ്വിരേഫജാലം
സുരുചിരമധുലക്ഷ്മിയാളഴിച്ചി-
ട്ടൊരു കരിവാർകുഴലെന്നു തോന്നി.

11

നിരുപശമനവൻ നിതാന്തഹർഷം
കരുതിയണഞ്ഞളവാ വനാന്തരത്തിൽ
തരുലതകളിൽ നിന്നു താൻ തനിച്ചു-
ണ്ടൊരു തരുണീമണി പൂവറുത്തിടുന്നു.

10. മുനിഹോമധൂമഭാസ്സ്=മുനികളുടെ ഹോമപ്പുകയുടെ ശോഭയുള്ളത്. ദ്വിരേഫജാലം=വണ്ടിൻകൂട്ടം. സുരു... യാൾ=മനോഹാരിണിയായ വസന്തശ്രീ. കരിവാർകുഴൽ=കറുകറുത്ത തലമുടി. മഹർഷിമാരുടെ ഹോമപ്പുകയോ എന്നു തോന്നുമാറ്, വർദ്ധിച്ച പുളപ്പോടേ ഇളകിപ്പറക്കുന്ന വണ്ടിൻകൂട്ടം, സുന്ദരിയായ വസന്തശ്രീ അഴിച്ചിട്ട കാർകുഴലായി അയാൾക്കു തോന്നി. വണ്ടിൻനിര അത്ര നീണ്ടതായിരുന്നു.

11. നിരുപശമൻ=അടക്കമില്ലാത്തവൻ. നിതാന്തഹർഷം=അത്യധികമായ സന്തോഷം. അയാൾ വളരെയധികം സന്തോഷത്തോടേ ആ കാട്ടിലേയ്ക്ക് ചെന്ന അവസരത്തിൽ, തരുലത (വൃക്ഷവള്ളി)കളിൽനിന്നു ഒരു സുന്ദരിയുണ്ട് പൂവറുത്തു നില്ക്കുന്നു.

Digitized By Kerala Sahitya Akademi

12

ചൊടി തളിരിനു, കൊങ്ക പൂംകുലയ്ക്കും,
മുടി വരിവണ്ടിനുമൊത്താഭംഗഭംഗ്യാ
ചെടികളുടെ നടുക്ക നില്ക്കുമാപ്പെൺ-
കൊടിയെ നൃപൻ സുചിരാൽത്തിരിച്ചറി
ഞ്ഞു.

13

ഉടലുടയ വസന്തലക്ഷ്മിയെപ്പോ-
ലടവിയിലാ മടവാരിൽമൌലിയാളെ
സ്ഫുടരുചിയൊടു കണ്ടുമുട്ടിയോരാ–
വിടനൃപനൊട്ടിട കുററിപോലെ നിന്നു.

12. അവളും ഒരു വള്ളിയാണെന്നു തോന്നി: അവളുടെ അധരം തളിരാണ്; സ്തനം പൂങ്കുലയും, തലമുടി വണ്ടിനങ്ങളും. അഭംഗഭംഗ്യാ=അന്യൂനമായ സൌന്ദര്യത്തോടേ. അവളാരാണെന്ന് അയാൾക്ക മനസ്സിലായി.

13. ഉടലുടയ വസന്തലക്ഷ്മി–വസന്തശ്രീ ഉടലെടുത്തതാണെന്നു തോന്നും അവളെ കണ്ടാൽ. അയാൾ അവളെ കണ്ടു പകച്ചുനിന്നു.

Digitized By Kerala Sahitya Akademi

14

മതിമുഖിയുടെ മെയ്യിലേതൊരംഗം
ക്ഷിതിപതിതൻ മിഴികൾക്കു ലക്ഷ്യമായി,
അതിലതുകളുറയ്ക്കയാൽ കുഴക്കായ്
കൊതിയനവന്നിതരാംഗഭംഗി കാണ്മാൻ.

15

അവളുടെ കുളിർകാന്തിസിന്ധുവീചീ-
നിവഹനിതാന്തനിമഗ്നനാകമൂലം
ജവമൊടു ജലദോഷശീലനാമീ-
യവനിവരന്നതനുജ്വരം പിടിച്ചു.

14. മതിമുഖി=ചന്ദ്രനെപ്പോലുള്ള മുഖത്തോടുകൂടിയവൾ (സുന്ദരി). ക്ഷിതിപതി=രാജാവ്. ഇതരാംഗഭംഗി=മററ് അവയവങ്ങളുടെ ഭംഗി. അയാളുടെ കണ്ണ് ഒരേ അവയവത്തിന്മേൽത്തന്നേ പററിപ്പിടിച്ചുനിന്നതിനാൽ, അവയ്ക്കു മററവയവങ്ങളെ കാണാൻ കഴിയാതായി!

15. കുളിർ...നിമഗ്നൻ=അകം കുളിപ്പിയ്ക്കുന്ന സൌന്ദര്യപ്പുഴയുടെ അലച്ചാർത്തുകളിൽ അഗാധമായി മുങ്ങിപ്പോയവൻ. അവനിവരന്ന്=രാജാവിന്ന്. ജവമൊട്=വേഗം. അതനുജ്വരം=കാമപ്പിച്ച്.

Digitized By Kerala Sahitya Akademi

16

രതി തൊഴമവൾതൻ മനോഭിരാമ-
ദ്യുതി തഴകും തളിർമേനി കണ്ടുവെന്നാൽ
യതികളുമിളകീടു;-മെന്തു പിന്നെ
പ്രതിപദമിന്ദ്രിയദാസ്യമാന്ന ദണ്ഡൻ?

17

പെരിയ ഖലനവൻ യദൃച്ഛയായി-
ട്ടരികിലണഞ്ഞതു കണ്ടു സംഭ്രമത്താൽ
തചരിതമണിമുലക്കുടം കുലുക്കി–
ക്കരികുഴലാളവളൊട്ടു മാറിനിന്നു.

16. മനോഭിരാമദ്യുതി=മനോഹരമായ കാന്തി (സൌന്ദര്യം.) യതികൾ=മഹഷിമാർ. രതിക്കുപോലും വന്ദ്യമായ അവളുടെ സൌന്ദര്യം കണ്ടാൽ യതികൾ (ഇന്ദ്രിയനിഗ്രഹം സാധിച്ച മഹർഷിമാർപോലും) ഇളകിവശാവും; പിന്നെ അടിക്കടി ഇന്ദ്രിയങ്ങളുടെ വിടുവേലക്കാരനായ ദണ്ഡൻെറ കഥ എന്തു പറയാനാണ്!

17. ഖലൻ–കണ്ടാൽത്തന്നേ ദുഷ്ടത പ്രവത്തിക്കുന്നവനാണെന്നു തോന്നും. അയാളെ കണ്ടു പകച്ച് അവൾ മാറിനിന്നു.

Digitized By Kerala Sahitya Akademi

18

വനമതിലൊരു താപസിക്കിണങ്ങീ-
ടിന വടിവാണ്ടെഴുമാ വരാംഗിയോടായ്
ജനപതി പറവാൻ തുടങ്ങിനാൻ, പ-
ണ്ടനയമഹല്യയൊടണ്ടർകോൻ കണക്കേ!

19

"ജനനയനമനോഹരാംഗി! നീയാർ?
ജനകനെവൻ തവ ജീവലോകധന്യൻ?
വനമിതിനുടെ ദേവിയോ? ശുഭേ! നീ
വനജശരോത്സവവൈജയന്തിതാനോ?

18. വരാംഗി=ശ്രേഷ്ഠ. ജനപതി=രാജാവ്. അണ്ടർകോൻ=ഇന്ദ്രൻ. ഇന്ദ്രൻ പണ്ട് അഹല്യയോടെന്നപോലെ അയാൾ അവളോടു പെരുമാറാൻ തുടങ്ങി. ഇന്ദ്രനെപ്പോലെ എന്നു പറഞ്ഞതുകൊണ്ട്, ഭാവിയിൽ ദണ്ഡനു വരാനിരിക്കുന്ന ആപത്തിനെ സൂചിപ്പിച്ചിരിക്കുന്നു.

19. ജന.........ംഗി=ജനങ്ങളുടെ നയനങ്ങൾക്കു അഴകുള്ള അവയവങ്ങളോടുകൂടിയവൾ. ജീവലോകധന്യൻ-നിന്റെ ജനകസ്ഥാനംകൊണ്ട്, ആ മാന്യൻ ഈ ജീവലോകത്തിൽ ഏററവും ധന്യനായിരിക്കുന്നു. കാരണം, അവളുടെ നിസ്തുല്യസൌന്ദര്യസൌഭാഗ്യങ്ങൾതന്നെ. വനജ......യന്തി=കാമദേവന്റെ ഉത്സവത്തിന്റെ കൊടിക്കൂറ.

Digitized By Kerala Sahitya Akademi

20

സുലളിതമുഖി! നീ, തപസ്സുചെയ്യും
പല മുനിമാരെ മനം മയക്കി വെൽവാൻ
മലർശരനിവിടെയ്ക്കു താപസസ്ത്രീ-
നിലയിലയച്ചൊരു ദിവ്യമായതാണോ?

21

നിരവധിമണിഭൂഷണം ധരിച്ചാ-
സ്സുരമടവാർകളുടുത്ത പട്ടുകൾക്കും
സ്ഫുരദകൃതകസൌകുമാര്യയാം നിൻ-
മരവുരിയോടൊരസൂയ തോന്നുമല്ലൊ!

20. അവളെ കണ്ടാൽ താപസിയാണെന്നു തോന്നി ല്ലെന്നു്. തപസ്സുചെയ്യുന്ന മഹർഷിമാരെ ഇളക്കിത്തീർക്കാൻ ദേവന്മാർ പ്രയോഗിച്ച താപസസ്ത്രീമായയാണോ എന്നാണയാൾക്കു സംശയം.

21. മണിഭൂഷണം=രത്നാഭരണം. സുരമടവാർകൾ=ദേവസ്ത്രീകൾ. സ്ഫുര......യാം വെളിപ്പെട്ട അകൃത്രിമസൌകുമാര്യത്തോടുകൂടിയവൾ. ദേവസ്ത്രീകൾ ഉരിയ്ക്കുന്ന പട്ടുകൾക്കുകൂടി അസൂയ തോന്നും, അവളുടെ മരവുരി കണ്ടാൽ!

Digitized By Kerala Sahitya Akademi

22

സുലഭമിഹ സുമം പറിച്ചു നീ താ-
നലർശരനമ്പുകൾ ശേഖരിയ്ക്കയാണോ?
ഉലകുടനടി വെല്ലുവാനവന്നെൻ-
ചലമിഴി! നിന്നഴകൊന്നുതന്നെ പോരേ?

23

രതിയെയഴകിനാൽജ്ജയിച്ച നിന്നിൽ
പ്രതിനവരാഗമെനിയ്ക്കുദിയ്ക്കയാലേ,
അതിശഠനവൾതൻ മണാളനെന്നോ-
ടെതിർനിലയായ്പ്പകപൂണ്ടടുത്തിടുന്നു.''

22. നീതാൻ......യാണോ—അവൾതന്നെ കാമദേവന്ന് ശരമ്പാണ്; അങ്ങനെയുള്ള അവൾ അലർശരന്ന് അസ്ത്രങ്ങൾ ശേഖരിയ്ക്കയാണോ എന്നഭിപ്രായം. ചലമിഴി=സുന്ദരി.

23. രതിയെ സൌന്ദര്യംകൊണ്ടു ജയിച്ച നിന്നിൽ എനിയ്ക്കു വീണ്ടും വീണ്ടും അനുരാഗമുദിയ്ക്കയാൽ, നിന്നെ തരപ്പെടുത്താൻ കഴിയാതെ വാശിപൂണ്ടു, രതീമണവാളനായ കാമൻ എന്നെ ശത്രുവായിക്കരുതി ആക്രമിയ്ക്കാൻ വരുന്നു.

Digitized By Kerala Sahitya Akademi

24

മനുസുതസുതനംഗജാർത്തനായി–
ട്ടനുചിതമേവമുപന്യസിച്ചുട്ടക്കേ
അനുനയമൊട്ടു ചൊല്ലിനാൾ പതുക്കെ
ക്കനുപുരികങ്ങൾ ചുളുക്കിയാക്കുമാരി.

25

"അരുതപനയമാം സമുദ്യമം, നിൻ–
ഗുരുസുത ഞാ്നരജാ’ഖ്യ രാജമൌലേ!
കരുതുക ഭൃഗുമുഖ്യനാം പിതാവിൻ–
വരുതിയിൽ നില്പൊരു കന്യയെന്നുമെന്നും.

24. മനുസുതസുതൻ=മനുസുതന്റെ പുത്രൻ (മനുവംശത്തിൽപ്പെട്ടവൻ). അംഗജാർത്തൻ=കാമപ്പിച്ചു പിടിച്ചവൻ. ഉപന്യസിക്കുക=പറയുക.

25. പിതാവിൻ......മെന്നെ=അച്ഛന്റെ ചൊല്പടിയിൽ നില്ക്കുന്നവളായതുകൊണ്ട്, അദ്ദേഹത്തിന്റെ സമ്മതം കൂടാതെ വേണ്ടാത്തതൊന്നും പ്രവർത്തിക്കരുതെന്ന്.

Digitized By Kerala Sahitya Akademi

26

ജനകനൊട്ട വരിയ്ക്കു, വേണമെന്നാ—
ലനഘമതേ! പരതന്ത്രയാകുമെന്നെ,
മനമതിലവിടെയ്ക്കുമഷ്മേററാ-
ലനലസമൻ ഭുവനങ്ങറം ഭസ്മമാക്കം.

27

ഉരുശമനശനസ്സു മാന്യനായു—
ള്ളൊരു ഗുരുവാണു നമുക്കു രണ്ടപേക്കും
പുരുഷമണിഭവാനിരക്കിലെന്നെ-
ത്തരുമിഹ ശിഷ്യജനാർദ്രനാമുനീന്ദ്രൻ.

28

മനുജവര! മറിച്ചു ചെയ്യിലങ്ങ-
യ്ക്കനുഭവമാക്കമനത്ഥമേററമച്ഛൻ.
അനുപമനവിടുത്തെയുഗ്രതേജ-
സ്സിനു തടവില്ല ജഗത്ത്രയത്തിലെങ്ങും.''

26. അനഘമതേ=ദുഷ്ടചിത്തനല്ലാത്തവനേ. **അനല സമൻ**=തീയ്യിന്നു തുല്യൻ.

27. ഉരുശമൻ=വദ്ധിച്ച ശമശീലമുള്ളവൻ. ശിഷ്യജനാർദ്രൻ=ശിഷ്യന്മാരിൽ അലിവുള്ളവൻ. ചോദിച്ചാൽ അച്ഛൻ തരാതിരിയ്ക്കില്ല. അതിനാൽ കടന്നാക്രമിയ്ക്കാതിരിയ്ക്കയാണ് ഭേദമെന്ന് അറിയിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

29

അരജ്ജയുടെ യഥാർത്ഥവാക്കു കേട്ടി-
ട്ടരചനനംഗതരംഗിതാന്തരംഗൻ •
തപരയൊടു തൊഴുകൈ ശിരസ്സിൽവെച്ചാ-
പ്പരഭൃതവാണിയൊടാസ്ഥയിൽപ്പറഞ്ഞാൻ.

30

"കളമൊഴി! കനിയേണമെന്നിലല്പം
കളയരുതിപ്പടി കാണിനേരവും നീ;
വളരുമൊരലരമ്പവമ്പിൽ വാടി-
ത്തളരുമിവൻ തവ താതശിഷ്യനല്ലേ?

29. അനംഗതരംഗിതാന്തൻ=കാമത്തള്ളലോടുകൂടിയവൻ. പരഭൃതവാണി=കുയിൽനാദത്തോടുകൂടിയവൾ(സുന്ദരി.) ആസ്ഥ=ആദരവ്.

30. അലരമ്പവമ്പ്=കാമൻെറ വമ്പ്. താതശിഷ്യൻ= അച്ഛൻെറ ശിഷ്യൻ. താൻ അവളുടെ അച്ഛൻെറ ശിഷ്യനായതുകൊണ്ടു വിരോധമൊന്നുമുണ്ടാവില്ലെന്ന്.

Digitized By Kerala Sahitya Akademi

31

തവതളിരൊളിമേനി പുല്കിയിട്ടി-
യ്യിവനുയിർ പോകിലുമല്ലലില്ല തെല്ലും
ശിവ! ശിവ! മമ ജന്മമെന്തിനീ നിൻ
നവമധുരാധരമാസ്വദിച്ചിടാഞ്ഞിൽ?''

32

കടുവയുടെ മുഖത്തു പെട്ട പെണ്മാ-
നൊടു കിടയായ് ഭയലോലദൃഷ്ടിയോടും
കിടുകിടെ വിറപൂണ്ടുഴന്നു നില്ക്കും
മട്ടമൊഴിയാളൊടടുത്തുകൂടി മന്നൻ.

33

''പല ശിതശരമെയ്തെതിർത്തിടും പ-
ററലരെയുമിട്ടു പൊതുക്കമെന്നെ വെൽവാൻ
മലർശരനഴകിൽത്തുണച്ച നിന്നെ-
ച്ചലമിഴി!ഞാൻ വെറുതേ വിടുന്നതാണോ?''

31. നവമധുരാധരം-അതു മുമ്പ് ആരാലും ആസ്വദിക്കപ്പെടാത്തതാണ്!

32. മട്ടമൊഴിയാൾ=തേൻചൊല്ലാൾ. അടുത്തുകൂടി—അവളെ അനുനയിപ്പിക്കാൻ.

33. ശിതശരം=മൂർച്ചയുള്ള അമ്പ്. പററലർ=ശത്രുക്കൾ.

Digitized By Kerala Sahitya Akademi

34

ധൃതിയൊടിതുരചെയ്തിരിന്നുലസ്കു-
യ്യേതിർവടിവാന്ന ഭുജങ്ങൾ കൊണ്ടു ഭൂപൻ
അതിഭയവിവശാന്തരംഗയാകും,
യതിസുതയെപ്പിടികൂടി മന്മഥാന്ധൻ.

35

അരജയുടയ കന്യകാനിലസ്സും,
കരകവിയും നിജമന്മഥവ്യഥസ്സും,
പരമറുതി വരുത്തിയുൾക്കളിത്താ
നരപതി തൻ നഗരിസ്കുതാൻ നടന്നു.

36

ദ്വിരദപതി കലക്കിയിട്ടൊരോമൽ-
സ്സരസികണക്ക സമാവിലാഭയായി,
അരചനതിബലാൽപ്പുണന്നു വിട്ടോ-
രരജയുമാശ്രമമാന്നു കേണുനിന്നാൾ.

34. അതി........രംഗം=അത്യധികമായ ഭയത്താൽ തളന്നമനസ്സോടുകൂടിയവൾ. യതിസുത=മഹഷിപുത്രി. കാമത്താൽ കണ്ണുകാണാതെ ആ രാജാവ് കടന്നുപിടിച്ചു!

36. ദ്വിരദപതി=ഗജശ്രേഷ്ഠൻ. സരസി=സരസ്സ്. സമാവിലാഭ=കലങ്ങിനിറം കെട്ടവൾ. സരസിഎന്നു സ്ത്രീലിംഗം പ്രയോഗിച്ചത്, അരജയുമായുള്ള സാമ്യത കാണിക്കാനാണ്.

Digitized By Kerala Sahitya Akademi

37

പുനരിതരവനാൽ തിരിച്ചുവന്നോ-
രനഘമഹസ്സരജാപിതാവ്വഷീന്ദ്രൻ,
വിനയമൊടെതിരേററ ദൃശ്യനല്ലാ-
ത്തനലറാമായ് നിജപർണ്ണശാല പൂക്കാൻ.

38

ശിവ! ശിവ! പശിയാൽത്തളൎന്നുകൊണ്ടാ-
ണവനുടജാന്തരമാൎന്നതെങ്കിലും താൻ
അവനതമുഖിയായ പുത്രിയാഠംതൻ
വിവശത കണ്ടു വിശപ്പുടൻ മറന്നു.

39

അരജയുടെ വിഷാദഹേതു പിന്നീ-
ടരനിമിഷത്തിനകത്തു ദിവ്യദൃക്കാൽ
വരമുനി വഴിപോലറിഞ്ഞു കോപ-
സ്ഫുരദധരോഷ്ഠമൊടുജ്ജ്വലിച്ചിതേററം.

37. ഇതരവനാൽ=മറെറാതുകാട്ടിൽനിന്ന്. അനഘമഹസ്സ്=അന്യൂനതേജസ്സോടുകൂടിയവൻ.

38. ഉടജാന്തരം=പർണ്ണശാല. അവനതമുഖി=മുഖം കുനിഞ്ഞവൾ. വല്ലാതെ വിശന്നുതളൎന്നിട്ടാണ് വന്നതെങ്കിലും, മകളുടെ നിലകണ്ടപ്പോൾ ആ ഋഷിവര്യൻ വിശപ്പെല്ലാംമറന്നു!

Digitized By Kerala Sahitya Akademi

40

വിടനൃപനിലമർഷിയാം മഹർഷി-
ക്കുടയ ഭയാനകക്രൂരവീക്ഷണങ്ങൾ
സ്ഫുടമിഴികളിലാർന്ന ചിന്നമത്യുൽ-
ക്കടജഠരാഗ്നികണങ്ങളെന്നുതോന്നും.

41

ചൊടി പൊരുകി യുഗാന്തരുദ്രരൗദ്രൻ
കുടിലതരഭ്രൂകുടീഭയങ്കരാസ്യൻ
ഇടിയെതിരൊലിയിൽക്കഥിച്ചിതൊന്നി-
പ്പടി ചുഴലും നിജശിഷ്യരോടൃഷീന്ദ്രൻ.

39. ദിവ്യദൃക്ക്=ദിവ്യദൃഷ്ടി. കോപസ്ഫുരദധരോഷ്ഠം=കോപംകൊണ്ടു വിറയ്ക്കുന്ന ചുണ്ടുകൾ.

40. ഭയാനക...ണങ്ങൾ=ഭയംകരമായക്രൂരനോട്ടങ്ങൾ. അത്യുൽക്കടജഠരാഗ്നികണങ്ങൾ=വല്ലാതെ വിശന്നുതളന്ന വയററിൽനിന്നു പുറപ്പെട്ട തീയ്യിൻെറ പൊരികളാണ് ആ നോട്ടങ്ങൾ എന്നുതോന്നി.

41. യുഗാന്തരുദ്രരൗദ്രൻ=പ്രളയാന്തത്തിലെ രുദ്രനെപ്പോലെ ഭയങ്കരൻ. കുടിലതരഭ്രൂകുടീഭയംകരാസ്യൻ=വളഞ്ഞ പുരികങ്ങളാൽ ഭയംകരമായ മുഖത്തോടുകൂടിയവൻ.

Digitized By Kerala Sahitya Akademi

42

“പരിഗളിതവിവേകബുദ്ധിയായി-
ദ്ദുരിതമിതിപ്പടി ചെയ്ത ദുഷ്ടഭൂപൻ
പെരിയൊരു മമ രോഷപാവകങ്കൽ
ക്കരിയിലയായ് ചമയുന്ന കാഴ്ച കാൺമിൻ!

43

ഉരപെരുകിന കാട്ടുതീയ്യു ചെന്താ–
മരകളണിക്കുളമെന്നുറച്ചു മോഹാൽ
സരസമതിലിറങ്ങി മുങ്ങിയോരാ
നരപശുവാശു കഥാവശേഷനാകും.

44

കടുതയൊടു കടന്ന കന്യയാളിൽ–
ക്കെടുതി തുടർന്നൊരു ചണ്ഡനായ ദണ്ഡൻ
പെട്ടുമഴലിലുഴന്നശേഷസമ്പ-
ത്തൊട്ടുമറുതിപ്പെട്ടുമേഴനാളിനുള്ളിൽ,

42. പരിഗളിതവിവേകബുദ്ധി=വകതിരിവുനശിച്ചവൻ. രോഷപാവകങ്കൽ=കോപാഗ്നിയിൽ.

44. ആ ക്രൂരനായ ദണ്ഡരാജാവു് തന്റെ മകളോട് ചെയ്ത അക്രമം നിമിത്തം ഏഴുദിവസത്തിനുള്ളിൽ സർവസമ്പത്തോടുകൂടി ചത്തുമണ്ണടിയും എന്നു മഹർഷി ഉശനസ്സ് ശപിച്ചു.

Digitized By Kerala Sahitya Akademi

45

കുടിലതപെട്ടുമാ നൃപാധമൻതൻ
നെടിയൊരുനാടിതുമേഴുനാളിനുള്ളേ
പൊടിമഴയിൽമുടിഞ്ഞു ശൂന്യമാകും;
ഝടിതി തപസ്വികളിസ്ഥലം വിടേണം.

46

അരിശമൊടിതുമട്ടു കൺചുകപ്പി-
ച്ചുരിയൊരു ശിഷ്യരൊടോതി മാമുനീന്ദ്രൻ
പെരിയ ഭയവിഷാദബാധയാലു-
ള്ളെരിയുമൊരാത്മജയോടുരച്ചു പിന്നെ.

47

"കളകഴലരജേ! കളാഭമായ്ച്ചു-
ററളവൊരു യോജനയുള്ളൊരീസ്സരസ്സാൽ
വളരുമൊരു സുഖേന വൃത്തിനേടി-
ഗ്ഗളദഘയാംവരെ വാഴുകിങ്ങുതാൻ നീ.

45. അയാൾ മാത്രമല്ല, അയാളുടെ രാജ്യവും നശിച്ചു വെണ്ണീറാവും. അതുകൊണ്ടു മഹർഷിമാരെല്ലാം അവിടം വിട്ടു പോകണമെന്നും അദ്ദേഹം മുന്നറിയിപ്പു നല്കി.

47. പാപം കഴുകിക്കളയപ്പെടുംവരെ മകളോട് അവിടെത്തന്നെ താമസിച്ചുകൊള്ളുവാനും ആജ്ഞാപിച്ചു. കളാഭം

Digitized By Kerala Sahitya Akademi

48

തവ നികടഗമായിരിപ്പതൊന്നും
ധ്രുവമതുനാഠം പൊടിമാരിയാൽ നശിയ്ക്കാ.''
അവളൊടിതരുഠംചെയ്തമോഘവാക്കാ–
മവനപരാടവി പൂകിനാൻ സശിഷ്യൻ.

49

വിവരമിതു ധരിച്ച ഭാർഗ്ഗവർഷി–
പ്രവരമഹാശ്രമമണ്ഡലസ്ഥരെല്ലാം
ജവമൊടുമവിടം വെടിഞ്ഞുപോയി
സ്വവസതി മറെറാരു കാനനത്തിലാക്കി.

മനോഹരം. ഗളദഘ=പാപമുക്ത.

48. നികടഗം=അടുത്തുള്ളത്. അവളുടെ ചുററുവട്ടത്തിലുള്ളതൊന്നും മഴച്ചാററലാൽ നശിച്ചുപോകില്ലെന്നും മഹർഷി അവളെ ആശ്വസിപ്പിച്ചു. അമോഘവാക്ക്=പാഴ്‌വാക്ക് പറയാത്തവൻ. മഹർഷിയുടെ ആജ്ഞ പാഴ്‌വാക്കാവില്ല എന്ന്. അപരാടവി=മറെറാരു കാട്. ഇതു പറഞ്ഞ് ഉശനസ്സ് സശിഷ്യനായി വേറൊരു കാട്ടിലേയ്ക്ക് പോയി.

49. ഈ വിവരമറിഞ്ഞതോടേ, ആ ഭാർഗ്ഗവർഷിശ്രേഷ്ഠൻെറ മഹനീയമായ ആശ്രമത്തിൽ പാർത്തിരുന്നവരെല്ലാം ക്ഷണത്തിൽ അവിടം വിട്ടു മറെറാരു കാട്ടിൽച്ചെന്നു താമസമാക്കി.

Digitized By Kerala Sahitya Akademi

50

യതിവരനുടെ ശാപാൽ ദണ്ഡരാജ്ഞാവൊടൊ
ത്താ
ക്ഷിതിയുടനറുതിപ്പെട്ടാകവേ ശൂന്യമായീ!
അതിവിപുലമതത്രേ തമ്പിയോടൊത്തു സീ
താ-
പതി മരുവിന സാക്ഷാൽ ദണ്ഡകാരണ്യ
ദേശം.

50. മഹർഷിശ്രേഷ്ഠന്റെ ശാപംമൂലം ദണ്ഡരാജാവോടു കൂടി ആ വനപ്രദേശം ചാമ്പലായി. വളരെ വിസ്തൃതമായ ഈ പ്രദേശമാണപോൽ, രാമൻ ലക്ഷ്മണനോടൊന്നിച്ചു പാ ത്ത ദണ്ഡകാരണ്യം.

—ജി. കെ. സി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi